# ശാപമോചനം

ഉർവശീ ശാപമെന്ന സന്ദർഭത്തിന്റെ നൂതന വ്യാഖ്യാനമാണീ കഥ.

മാതൃത്വം നിഷേധിക്കപ്പെട്ട് നിത്യ കന്യകയായി കഴിയുവാനും പിതൃപുത്ര ഭേദം നോക്കാതെ മൈഥുനത്തിനേർപ്പെടുവാനും നിയോഗിക്കപ്പെട്ട ഉർവശിക്ക് മാതൃത്വത്തിന്റെ പരമാനന്ദം  അർജ്ജുനൻ നിമിത്തമായി അനുഭവമാകുന്നതാണ് ഇതിന്റെ കഥ.

തന്റെപ്രേമം നിരസിച്ചതിനുള്ള ശിക്ഷയെന്നോണം അർജ്ജുനൻ ഷണ്ഡനായിത്തീരട്ടെ എന്ന് ഉർവശി ശപിക്കുന്നു. തന്റെ ഭർത്താവായിരുന്ന പുരൂരവസ്സിന്റെ നാൽപ്പത്തിരണ്ടാമത്തെ തലമുറയിലെ രാജാവായിരുന്നു അർജ്ജുനൻ.

അർജ്ജുനൻ  ഷണ്ഡനായി ത്തീരട്ടെ എന്ന് ഉർവശി ശപിച്ച്മറഞ്ഞെങ്കിലും "എന്റെ അമ്മമാരായ കുന്തീദേവിക്കും ഇന്ദ്രാണിക്കും ഉർവശിക്കും തമ്മിൽ എനിക്കെന്തു ഭേദമാണുള്ളതെ"ന്നും ഒരു മകൻ അറിയാതെ ചെയ്ത അപരാധങ്ങൾ ഒരു അമ്മയെന്ന നിലക്ക് പൊറുത്ത്മാപ്പ് തന്നു കൂടെ? "എന്നു മുള്ള  ചോദ്യം കേൾക്കുന്നതോടെ ഉർവശിയിൽ ഉറങ്ങിക്കിടന്നിരുന്ന മാതൃത്വം അണപൊട്ടിയൊഴുകുന്നു. യഥാർത്ഥത്തിൽ താനാണ് ശപിക്കപ്പെട്ടവളെന്നും മാതൃത്വമെന്ന സായൂജ്യം അറിവാക്കിയതിലൂടെ തനിക്ക് അർജ്ജുനൻ ശാപമോചനം നൽകിയിരിക്കുന്നു എന്നും പറഞ്ഞ് ഉർവശി അർജ്ജുനനെ ഒരമ്മയുടെ ഹൃദയത്തോടെ ആലിംഗനം ചെയ്ത് മടിയിൽ കിടത്തി ഉറക്കുന്നതു പോലെയാണ് ഈ കഥയുടെ പരിസമാപ്തി.
ഉർവശിയുടെ കിരീടം, സാരീനൃത്തം, കലാശങ്ങൾ, എന്നിങ്ങനെ പാരമ്പര്യത്തിൽ നിന്നുകൊണ്ട് നൂതനമായി ആവിഷ്കരിച്ച പല നവീനതകളും ശാപമോചനത്തിന് അവകാശപ്പെടുവാനുണ്ട്.

## ശാപമോചനം

സദനം കെ. ഹരികുമാരൻ രചിച്ച കഥകളിയുടെ ആട്ടക്കഥ.

## രംഗം ഒന്ന്

(അർജ്ജുനനിൽ അനുരാഗവതിയായ ഉർവശി, തന്റെ ആഗ്രഹം സഖിമാരോട് പറയുന്നു. സഖിമാർ ഉർവശിയെ പ്രോത്സാഹിപ്പിക്കുന്നു.)

രാഗം: തോഡി .താളം :ചെമ്പ

പ്രാണനിൽ, പ്രണയ തന്ത്രികോർത്തമണി വീണമീട്ടിയ നിനാദവും
രാഗരാഗിണികളായുണർന്നതനുരാഗമായ് ചിതറിവീണതും
ഹർഷമുത്തുമണി പൂത്തുലഞ്ഞ തനു പാർത്ഥലാളന സുഖത്തിനായ്
നൊമ്പരംവിതറി വെമ്പലാർന്ന മതി യുർവശിക്കരുളി ദീനത

അമ്പിളിത്തളികയംബരേയൊളിവിലമ്പൊടന്നു കളിയാക്കയും
ഗാനമേളയതു നിർത്തി രാക്കിളികളൊത്തുചേർന്നു ചിരിയാർക്കയും
കേതകീ കുസുമ ഗന്ധമോടനിലനൊന്നു ജാലകമടച്ചതും
ഉർവശിക്കുമദനാഗ്നിയിൽ തിലജമെന്ന പോലഴലു തീർത്തിതു

പഞ്ചസായക ശരങ്ങളേറ്റുപുളകാംഗിയായ് തരള ചിത്തയായ്
അന്തരംഗ സുമ ശയ്യയിൽ മൃദു മരന്ദരാഗ കണമാർന്നവൾ
ഉർവശി , സുരവരേണ്യ, തൻസഖിയൊടന്നു രാത്രി രജനീകരൻ
കണ്ടുവാഴുമൊരു വേള തൻ മനസി പൂണുമാഗ്രഹ മുരച്ചിദം

സാരീ (ചെമ്പതാളത്തിൽ പ്രത്യേകം ചിട്ടചെയ്തത്)

കുമുദിനി ശ്വേത തുഷാര മൃദു സ്മിതം തൂകിലസിക്കുന്ന ചന്ദ്രികയിൽ
തൂവൽക്കിടക്കവിരിപ്പിൻ ചുളിവിലെ പൂവുകൾ വാടിക്കരിഞ്ഞരാവിൽ
ജാലക യവനിക നീക്കി വാർതിങ്കളിൽ മുഖമൊന്നുകണ്ടവളുർവശിയും

ലാസ്യങ്ങൾ തത്തും ചിലമ്പൊലിയിലപതാളച്ചുവടൊലി ചിന്തിയതും
അർജ്ജുനനല്ലെ ന്നറിവായ മാത്രയുപധാനവും വെടിഞ്ഞവൾ കേണതും
നീലിമ നീരായി വാർന്നതും ലോചനം ശോണിമ പൂണ്ടതുമെന്തുമൂലം?

ഗാണ്ഡീവചാപമോ തൂണീരമോ മദനാഭ വിതറുന്ന പൂന്തനുവോ
യുദ്ധനൈപുണ്യവും നൃത്തസാമർഥ്യവും ഒത്തൊരു പാദാരവിന്ദങ്ങളോ
ഒന്നെടുത്തായിരമമ്പെയ്യുമാജാനു ബാഹുക്കളോ ഭുജ വീര്യങ്ങളോ

ആരവളെയാകുലയാക്കി മദനനോ, മദനാഭ പൂണ്ടവനർജ്ജുനനോ?

ഉർവശി

രാഗം: കാമ്പോജി. താളം: ചെമ്പട.

വൈണിക നൈപുണ്യമെന്നോളമവനു ധ-
നുഷ്കല തന്നിലുണ്ടോ സഖീ ചൊല്ലു നീ,
നടനത്തികവെനിക്കുള്ളപോലിന്നവ-
നടരിൽ മികവേറ്റമുണ്ടോ സഖി,
അവനെന്നു ചൊന്നവൻ അവലോകിതേശ്വരൻ,
അർജ്ജുനനെന്നറിവീലയോ നീ?

ആരൂഢരഥനായി ഗാണ്ഡീവധാരിയായ്
വിമത നിഷൂദന നടന പ്രിയൻ തന്റെ
യുടൽ കണ്ടു ഞാൻ പണ്ടു മുനി മാനസങ്ങളെ
കളിയായ് കളിച്ചതിൻ ഫലമെന്റെ രുജ പൂണ്ട കരളിന്നറിഞ്ഞൂ സഖീ,

ഭംഗം വരാതെന്റെ കബരീഭരമഴി-
ച്ചംഗപടവും ഞൊറിഞ്ഞുടുത്തുള്ള തു-
കിലുമഴിക്കവേ കാഞ്ചന കാഞ്ചിതൻ
നൂലറ്റു മുത്തുകൾ ചിന്നിതറി ഹാ
സത്രപയാകുന്നു ചൊല്ലുവാൻ ഞാൻ കണ്ട സ്വപ്നവുമിന്നു സഖീ

സഖി

രാഗം : മോഹനം .താളം: ചെമ്പട.

മതി മതി ചൊന്നതു തോഴീ നിന്നുടെ
മതിയിലെ രോഗമറിഞ്ഞേൻ ഞാൻ
ഔഷധ മൽപമശിച്ചാലും നീ,
അതിനായവനരികിൽ ചെന്നധരം
നേടുക ചോദിച്ചീടാതെന്നാൽ,
ബോധിക്കുകയും വേണം താനും.

രതിലാലസ രസഭരിത തനോ നീ
ഭൂഷണ മണിയുവതെന്തിനയേ
രതി തൻ നാമശതങ്ങൾ  ജപിച്ചൊരു
സുസ്മിത മദിരാകണമവനേകു.

ചെല്ലുക വീതവിശങ്കം ചില്ലീ
വില്ലിൽ കുവലയ മിഴികൾ തൊടുക്കുക
വെല്ലുക വരശരധാരിയവൻ കുഴ-
ന്നതുകാണു മൊളിച്ചിഹ ഞാൻ.

( ഇളകിയാട്ടം )
ഉർവശി :          അല്ലയോസഖി, ഞാനെന്തു ചെയ്യണം?

സഖി: ഒട്ടും ശങ്കിക്കേണ്ട, അര്‍ജ്ജുന സമീപത്തേക്കു ചെല്ലുക
നിന്നെപ്പോലെ ഒരു സൗന്ദര്യത്തിനെ അവന്
ത്യജിക്കാനാവില്ല.

സഖിമാര്‍ അര്‍ജ്ജുനസമീപത്തേക്കു ഉര്‍വശിയെ
ആനയിക്കുന്നു. ഉര്‍വശിയുടെ പദങ്ങള്‍ ഹമീര്‍കല്ല്യാണിയിലും
സഖിയുടെ സാരംഗയിലും പാടുന്നു.

ഉര്‍വശി: മേഘമരാളങ്ങള്‍ നീന്തുന്ന വ്യോമമിന്നോതും
സ്വകാര്യങ്ങളെന്തേ

സഖി ചെല്ലുക പാര്‍ഥസമീപമലര്‍ശര ലീലാലോലേ ഉര്‍വശി നീ

ഉര്‍വശി: ചന്ദന ലേപനം ചെയതോരനിലനും മന്ത്രിപ്പതെന്തു രഹസ്യം?

സഖി : കുന്തളപരിമളമേറ്റു പരവശ നായീടു മര്‍ജ്ജുനന്‍ നൂനം.

ഉര്‍വശി: മാന്തളിര്‍ത്തൊത്തിലെ പൂങ്കുയില്‍ പാടും പദപ്പൊരുളെന്തു
സഖി,

സഖി : മൂകാനുരാഗസംഗീതം പൊഴിച്ചു നീ മാരമാല്‍ തീര്‍ക്കൂ
ജഗന്മോഹിനീ.

സഖിമാരും ഉര്‍വശിയും രംഗത്തുനിന്നു പോകുന്നു.

## രംഗം :2

( പാശുപതാസ്ത്ര ലബ്ധിക്കായി നീണ്ടകാലത്തെ തപസ്സിനും മഹാദേവനുമായുണ്ടായ നീണ്ടകാലത്തെ യുദ്ധത്തിനും ശേഷം അര്‍ജ്ജുനനെ ദേവേന്ദ്രന്‍ സ്വര്‍ഗ്ഗത്തിലേക്ക് വരുത്തുന്നു. അപ്സരസ്സുകളെ തട്ടിക്കൊണ്ടുപോകുന്ന രാക്ഷസന്മാരെ വകവരുത്തി ദേവസ്ത്രീകളെ രക്ഷിച്ച ശേഷം ഉദ്യാനത്തില്‍ വിശ്രമിക്കുന്ന അര്‍ജ്ജുനനില്‍, ഗൃഹാതുരതയും സ്വജന വിരഹവും വിഷമമുണ്ടാക്കുന്നു. അര്‍ജ്ജുന സമീപത്തേക്ക് ഉര്‍വശി വരുന്നു. )

ഇടശ്ലോകം

രാഗം: ശങ്കരാഭരണം

ഗൗരീവല്ലഭനോടു ദിവ്യ വിശിഖം കൈക്കൊണ്ട കുന്തീസുതന്‍
ശൗരീ സോദരനോടു ഘോരസമരം തന്നില്‍ ജയിച്ചര്‍ജ്ജുനന്‍
വിണ്ണില്‍ ദൈത്യരെ നിഗ്രഹിച്ചു തരുണീവൃന്ദത്തെ രക്ഷിച്ചവന്‍
ഏകാന്തത്തിലിരുന്നു നന്ദനമതില്‍ മാരാതിരേകാകുലന്‍

രംഗ ശ്ലോകം:

രാഗം : മദ്ധ്യമാവതി താളം : ചെമ്പട.

പനിമതി നന്ദനവാടിയിലൊരു പാല്‍ക്കടല്‍ തീര്‍ത്തൂ മധുരം
കുളുര്‍മാരുത മൃദു ഗാനതരംഗം തരളിതമായൊഴുകി
മണിനൂപുര കളശിഞ്ജിത താളമുതിര്‍ത്തു നിശീഥിനിയില്‍
വിജനേ വിജയ സമീപേ യുര്‍വശി വന്നെത്തീ വിവശം.

( തിരശീല യെടുക്കുമ്പോള്‍ അര്‍ജ്ജുനന്‍ വില്ലും അമ്പും ധരിച്ച് നില്‍ക്കുന്നു. 'അഞ്ചുകിടധീംതാ'മിനോടൊപ്പം"സ്വര്‍ഗ്ഗം അതി മനോഹരംതന്നെ. ഇതാ പൂര്‍ണ്ണ ചന്ദ്രന്‍ ഉദിച്ചുയര്‍ന്ന് ഇവിടമാകെ ചന്ദ്രിക പരക്കുന്നു. പെല്‍ത്താമരയുടെ സുഗന്ധവും വഹിച്ചുകൊണ്ട് കാറ്റ് സാവധാനം വീശുന്നു. കല്‍പകവൃക്ഷത്തില്‍ നിന്ന് കുയിലു കളുടെ ഗാനം ഒഴുകി വരുന്നു. എന്നിരിക്കിലും എന്റെ മനസ്സ് വിഹ്വലമാകാന്‍ കാരണമെന്താണ്? ആട്ടെ, ഇവിടെ വിശ്രമിക്കുക തന്നെ." എന്ന് ആട്ടം കാണിക്കുന്നു. )

സമീപത്തുവന്ന ഉർവശിയെ കണ്ട്

അർജ്ജുനൻ:

ഏകാന്തതയിൽ നീറും മാനസ സൂനം ഫുല്ലം മധു ഭരിതം

മദനൻ മഥനം ചെയ്യും മതിയി-
ന്നുരകുന്നൂ പുനരെന്തിനു നീയും
അൽപ നിമീലിത നേത്ര സുമത്താൽ
പുഷ്പാഞ്ജലി ചെയ്തീടിന്നു?

(രണ്ടാം കാലം) തവഹൃദയ കമല മരന്ദ പാനമ-
തരുളി മമപരവശത കളയൂ നീ
തരള കര പരിചയത്താൽ മമ തനു
തളരുന്നതു തടയൂ സുഭഗേ നീ

( 'സുഭഗേ 'എന്നിടത്ത് ഉർവശിയെ അർജ്ജുനൻ ആപാദചൂഡം നോക്കിക്കാണുന്നു.)

ഉർവശി :

രാഗം ഹിന്ദോളം    താളം : ചെമ്പട

വജ്രായുധനെ ജയിച്ച നരേന്ദ്രനെ
മതിശേഖരനോടമർ ചെയ്ത ധീരനെ
വിശ്രുത ഗാണ്ഡീവധാരിയെ മമ മാനസ
ചോരനെ കാണുവാനാഗത ഞാൻ
ഞാൺതഴമ്പാർന്ന നിൻ ദീർഘ ബാഹുക്കളിൽ
അർപ്പിച്ചീടുന്നിതാ ഞാനെന്നെയും

ഗാണ്ഡീവ ഞാണിൽ ശരങ്ങൾ തൊടുത്തു നിൻ
ആഹവ വിക്രമ വിസ്മയം കണ്ടു ഞാൻ
വൈരീ ശരനിവഹങ്ങൾ പ്രസൂനമായ്
നിൻ മെയ്യിലണിയുന്ന കണ്ടു ഞാനും
നീ ചെയ്ത രണതാണ്ഡവങ്ങൾ കണ്ടു
കണ്ടീല എങ്കിലോ നിന്നെമാത്രം
പൊന്നിൻ കവചമഴിഞ്ഞവിരിമാറിൽ
അർപ്പിച്ചിടുന്നിതാ ഞാനെന്നെയും.

( അർജ്ജുനനും ഉർവ്വശിയും കൈകോർത്തു പിടിച്ച് പുറപ്പാടിലെ മൂന്നാം നോക്കിലെ കലാശം മുതൽക്കുള്ള ഭാഗമെടുത്ത് രംഗം വിടുന്നു. )

## രംഗം : മൂന്ന്

( ചില ദേവസ്ത്രീകൾ അർജ്ജുനനേയും ഉർവശിയേയും കളിയാക്കുന്നു. )

രാഗം  : സൗരാഷ്ട്രം( പദം തുടങ്ങുമ്പോൾ ഹുസൈനിയാകും ) താളം : പഞ്ചാരി

പുഞ്ചിരിച്ച കുമുദങ്ങളിൽ ഭ്രമരജാലമെത്തിയൊരു വേളയിൽ
പന്തലിച്ച മുകിൽ മെത്തയിൽ കുമുദ ബന്ധുചാഞ്ഞഥ മയങ്ങവേ
പൂത്ത കൽപ്പക വനങ്ങളിൽ വിജയനൊത്തു നാകതരുണീമണി,
സല്ലപിച്ചു നട,കൊണ്ടവാറു സുരയോഷമാർ ഫലിതമോതിനാർ

("സല്ലപിച്ചു നടകൊണ്ട"എന്നവരിവരെ സൗരാഷ്ട്രം രാഗത്തിലും ശേഷം ഹുസൈനിയിലും പാടുന്നു.)

ഒന്നാംസ്ത്രീ :    പേശലാംഗി ഉർവശി ധനഞ്ജയൻ സമീപമേത്യ
മാര നാടകം മനോജ്ഞമാടിടുന്നിതാ
എന്തിനു സുഗന്ധലേപമെന്തിനായ് വിഭൂഷണങ്ങൾ

ഇന്നിവൾക്കു സവ്യസാചിയെ ജയിക്കുവാൻ, പാർത്ഥനെ ജയിക്കുവാൻ?

രണ്ടാം സ്ത്രീ : കുന്തളമഴിഞ്ഞുലർന്നു പന്തണിസ്തനമിടഞ്ഞു
സ്വൽപ ഫുല്ലമായ ശോണ മാസ്മരസ്മിതം
കണ്ടു മാനസം പിടച്ചു മന്മഥാന്ധനായിടാത്ത
പൂരുഷൻ ത്രിഭൂതലത്തിലാരു മത്സഖീ, പാരിലാരു മത്സഖീ,

ഒന്നാം സ്ത്രീ : ക്ഷാത്ര വീരനർജ്ജുനന്റെ ഭാഗധേയമിന്നു നാക
യോഷവര്യയെ ലഭിച്ചതിന്നു കാരണം

രണ്ടാം സ്ത്രീ : ഏവമോതിടായ്ക സർവ്വ ശാസ്ത്ര സൽക്കലാ സമർത്ഥൻ
പാർത്ഥനെ ലഭിക്കയാൽ സുകൃതിയായിവൾ എത്ര
സുകൃതിയായിവൾ

ഒന്നാം സ്ത്രീ : പാടല നഖം രചിച്ച കാമലേഖനങ്ങളും ക-
ടാക്ഷഭൃംഗ ഭ്രൂലതാ പ്രലോഭനങ്ങളും
ഏറ്റു ബോധമറ്റു പണ്ടു പുത്രനിന്നു ചൊല്ലുമുക്തി
കേട്ടിടാമൊളിച്ചു വാണു കുഞ്ജവാടിയിൽ സഖി
കുഞ്ജവാടിയിൽ

ദേവസ്ത്രീകൾ പോകുന്നു. രംഗത്തേക്ക് അർജ്ജുനൻ ഉർവശിയുടെ കൈകോർത്തു കൊണ്ട് പ്രവേശിക്കുന്നു.

ഇളകിയാട്ടം

അർജ്ജുനൻ: " സ്വതവെ മൃദുലങ്ങളായ നിന്റെ വിരലുകളിൽ ഇങ്ങിനെ തഴമ്പു കാണുന്നതെന്താണ്?"

ഉർവശി " വീണവായിക്കുന്നവരിൽ ഞാൻ വിദുഷിയാണ് ഈ തഴമ്പുകൾ എനിക്കു സന്തോഷമുളവാക്കുന്നു. ആട്ടെ, ഞാൺ തഴമ്പുള്ളതു കാരണം യോദ്ധാക്കളും സന്തോഷിക്കാറില്ലേ? യുദ്ധത്തിനിടയിൽ നിങ്ങളുടെ വില്ലെങ്ങാനും ഒടിഞ്ഞു പോയാലോ എന്ന് ഞാൻ വ്യാകുലപ്പെടുന്നു."

അർജ്ജുനൻ " എന്റെഗാണ്ഡീവം അനശ്വരമാണ് അഗ്നിദേവൻ സമ്മാനിച്ച ഈ വില്ല് എനിക്ക് തോൽവി നൽകിയിട്ടില്ല."

ഉർവശി : " നിന്റെ ആവനാഴിയിൽ അമ്പൊടുങ്ങിയാലോ?"

അർജ്ജുനൻ : " എന്റെ ആവനാഴിയും അമ്പൊടുങ്ങാത്തതാണ്."

ഉർവശി : " നിന്റെ വലതു കൈ തളർന്നാലൊ?"?

അർജ്ജുനൻ: " ഞാൻ സവ്യസാചിയാണ്.എനിക്ക് രണ്ടു കൈകളും ഒരുപോലെ സ്വാധീനമാണ്

ഉർവശി : " നിന്റെ മനസ്സു തളർന്നാലോ"

അർജ്ജുനൻ : "ഞാൻ ഗുഡാകേശനാണ്.ആലസ്യത്തേയും ഉറക്കത്തേയും ജയിച്ചവനാണ്."

ഉർവശി : "അർജ്ജുനാ നീ പൗരുഷത്തിന്റെ പൂർണ്ണതയാണ് നിന്നെ ലഭിച്ചത് എന്റെഭാഗ്യം."

( സഞ്ചരിക്കുന്നതിനിടയിൽ അവർ ഒരു സ്ഫടിക കൊട്ടാരത്തിന്റെ സമീപത്തെത്തുന്നു. )

അർജ്ജുനൻ :

രാഗം : നാട്ടക്കുറുഞ്ഞി. താളം : ചെമ്പട.

സ്ഫാടിക സൗധം ദൂരെക്കാണുവ
തെന്തിന്നാസ്ഥാനം.
നാട്യ ഗൃഹമോ ദ്യൂതാലയമോ വിശ്രമ മന്ദിരമോ

ഉർവശി :

രാഗം : സുരുട്ടി, താളം : ചെമ്പട.

അമരാവതിയിൽ വന്ന ധരണീ പതിമാരുടെ
ചിത്രപടങ്ങൾക്കാധാരം
പോരൂ നാമീ ചിത്രശാലയിൽ വാഴാം ശീത നിശീഥിനിയിൽ

( അർജ്ജുനനും ഉർവശിയും ചിത്രശാലയിലേക്ക് പ്രവേശിക്കുന്നു. മരിച്ചുപോയ പൂർവികന്മാരുടെ ചിത്രങ്ങൾ കാണുന്നു. അർജ്ജുനൻ ഓരോരുത്തരെക്കുറിച്ചും അറിവാൻ ആകാംക്ഷ പ്രദർശിപ്പിക്കുന്നു. ഉർവശി പരിചയപ്പെടുത്തുന്നു. )

ഉർവശി : രാഗം കാപ്പി .താളം : ചെമ്പ.

വൈരികളിൽനി~ന്നമർത്യരെ പാലിച്ച
ഭൂപതിമാരുടെ ചിത്രങ്ങൾ കാൺക നീ
ദുഷ്യന്തരാജന്റെ ചിത്രമിതെൻ സഖി
ചിത്രലേഖാഖ്യയാ ലാലേഖിതം

ദിനനാഥകുലനാഥനായ ദിലീപൻ
രഘുരാജ താതനിവനറിഞ്ഞീടുക.
ഭൂപൻ നഹൂഷനെ ചൈതന്യവാനായ് ര-
ചിചിരിക്കുന്നിതാ ചിത്രരഥൻ.

മന്നരിൽ മന്നനീ യുന്നത ശീർഷനെ
നീയറിയാതിരുന്നീടുകില്ല.
മിഥുനങ്ങളായ് പ്രേമസോമരസാബ്ധിയിൽ
എത്രസംവത്സരം നീന്തി ഞങ്ങൾ
മൂന്നു ലോകങ്ങളിൽ ആരറിയാതുള്ളൂ
പൂരൂരവസ്സാഖ്യനീ നൃപനെ.

ദണ്ഡകം:

ഇന്ദ്രാത്മജന്നു പിതൃശാപങ്ങളേറ്റസമ മുള്ളം തപിച്ചു വിറയാർന്നു
പ്രജ്ഞകളുണർന്നു ആജ്ഞകളുയർന്നു
പിതൃനിന്ദ കുലനിന്ദ യരുതർജ്ജുനാ കലുഷ
പന്ഥാവിലരുതു തവ യാനം

ഒരു നൂറുഫണമുതിർത്താടുന്ന മദനാഗ്നിയവനുള്ളിലാഞ്ഞു നടമാടി
ഹൃത്തുരുകിയാളി തൃഷ്ണയുറയാടി
വെൺതുകിലണിഞ്ഞു മൃദുഹാസ മുഖിയായ പൃഥ
വിജയന്റെയുള്ളിലൊളിയായി

മദനാരീ തൻ നാമ ശതകമതു മന്ത്രിച്ചു മനമതു നിയന്ത്രിച്ചു പാർത്ഥൻ
ചേതന യുണർന്നു, ചോദന തളർന്നൂ.
സ്മരജനക,ഹരിചരണ നഖമോർത്തു മുഖമോർത്തു
വിജയൻ വിതർക്കം വദിച്ചു.

അർജ്ജുനൻ

രാഗം : ബേഗഡ .താളം : ചെമ്പട.

രാത്രിയൊടുങ്ങാറായ്, മതി, ബാലിശ
കേളികൾ മതിയാക്കുക നാം

ശരമന്ത്രങ്ങളുമടരടവുകളും
അനവധിയുണ്ടു പഠിപ്പാനായ്

ശസ്ത്രാഭ്യസനത്തിന്നായ് ജനകൻ
കാത്തുവസിപ്പുണ്ടായീടാം.

ചിത്രസേനനാം ഗന്ധർവന്നുടെ
നൃത്താദ്ധ്യയനത്തിന്നായ് കാലം
അതിക്രമമാകരുതുർവശി ഞാനും
വിടകൊണ്ടീടട്ടേ

ഉർവശി

രാഗം : കാനഡ. താളം : ചെമ്പട.

പാർത്ഥാ നിൽക്കുക പ്രേമാർത്ഥിനി ഞാൻ
കൈവെടിയരുതേ നീ,
ശ്രുതിലയമാർന്നവിപഞ്ചിക തൻ സ്വര
തന്ത്രികൾ പൊട്ടിച്ചീടരുതേ
എന്നന്തരംഗ ഭൃംഗങ്ങൾ തീർക്കും
ഝംകാരങ്ങൾ കേൾപ്പീലേ

കല്ലിൽ കന്മദമൂറില്ലേ മുള്ളും പൂവണിയില്ലേ കാറൊളി
വിണ്ണും നിറവില്ലണിയില്ലേ, നിന്നുള്ളിൽ കനിവോലും മനമില്ലേ

തളരും തനു വിറ കൊൾവൂ,പാർത്ഥാ,
മാറോടണയുക വൈകരുതേ

അർജ്ജുനൻ

രാഗം : ഭൈരവി. താളം : ചെമ്പട.

ഉർവശി മതി കടക്കു പുറത്തീ
ചിത്രശാലയിൽ നിന്നുനീ,
നിസ്ത്രപ നിന്നുടെ ഭാഷ്യം മൃത മ-
ത്സ്യങ്ങൾ സമാനം ജുഗുപ്സിതം

കാമാതുര നിൻ ചേഷ്ടകൾ ഗോഷ്ടികൾ
എന്നിൽ കാമന യുണർത്തുമോ
വ്യഭിചരിച്ചു ദിനചരിച്ചുവാഴും
നീയാരോ പാണ്ഡവനഹമാരോ

ദുർല്ലഭനർജ്ജുനനിന്നുനിനക്കു വി-
ലാസങ്ങൾക്കായി, മന്മഥ
കേളികളിരവിലിരന്നു രമിക്കും,
'കേവല' നാരികുലത്തിനു നീ.

( അർജ്ജുനൻ വില്ലും അമ്പും എടുത്ത് ചിത്രശാല വിട്ട് പോകാനൊരുങ്ങുന്നു.
വാതിൽക്കലെത്തിയ അർജ്ജുനനെ ഉർവശി വന്നു തടുക്കുന്നു. )

ഉർവശി

രാഗം : ശങ്കരാഭരണം . താളം : ചെമ്പട.

നിൽക്കവിടെങ്ങു ഗമിപ്പൂനീയി-
ന്നെന്നെ നൃശംസിച്ചവനേ കുമതേ
വാഞ്ഛന വാനോളം വലുതാക്കി
വഞ്ചന ചെയ്തു ഗമിപ്പാനോ

( കാലം താഴ്ത്തി )
കോർത്തുകരങ്ങൾ നന്ദന വാടിയി-
ലാമോദത്തോടലഞ്ഞതും
മധുരം മൃദു ഭാഷണങ്ങളാലെൻ

മനതാരിതൾ നീ കവർന്നതും

കുങ്കുമപുഷ്പ പരാഗമടർത്തതു
തിലകക്കുറിയായ് ചാർത്തിയതും
ആരാമത്തിൽ നിന്നാമ്പൽപ്പൂ
നുള്ളിയെടുത്തണിയിച്ചതുമഖിലം

( വീണ്ടും കാലം കേറി )
കളവെന്നറിയണമോ ഹീനത തവ
യിന്നു സഹിക്കുവതോ.

ഉർവശിയാരെന്നറിയാമോ
സ്വർഗ്ഗമിതെന്തെന്നറിയാമോ നീ
ചൊല്ലിയ പൊരുളറിയാമോ?
ഞാനെന്തിനൊരുമ്പെടുമെന്നറിയാമോ

ഷണ്ഡ, നിന്റെ ചണ്ഡോക്തികൾ തീർത്ത വ്ര-
ണത്തിൽ നിന്നു വമിക്കും നിണമീ
ശാപം പേറുക ഇന്ദുകുല ഖലൻ
ജിഷ്ണു നപുംസകമായി ഭവ:

( ക്രോധാവേശത്തിൽ ഉർവശി അർജ്ജുനനെ ശപിച്ചെങ്കിലും ഉണ്ടായ സംഭവങ്ങളോർത്ത് ദുഖിച്ച് ചിത്രശാല വിട്ട് ഓടി മറയുന്നു. അർജ്ജുനൻ തളർന്നു വീഴുന്നു. )

ശ്ലോകം

രാഗം : മുഖാരി താളം : ത്രിപുട

ശാപമേറ്റു സുരനന്ദനൻ വിളറി വീണിതന്നശനിയേറ്റ പോൽ
മാതൃശബ്ദമുരചെയ്‌വതിന്നു വഴി കണ്ടിടാതവനുഴന്നവാ-
റാത്തമോഹമതിലാണ്ടു വീണു കദനക്കടൽ തിരയടിച്ചഹോ
ബോധമാണ്ടു നിജ മാതൃതുല്ല്യ യവളോടു ചൊല്ലിയിദ മർജ്ജുനൻ

അർജ്ജുനൻ

മാതേയരുളുക ശാപമോക്ഷം തവ
പുത്രനെ ഷണ്ഡനായ് തീർക്കരുതേ

( കാലം തള്ളി )

ഭേദമെന്തമ്മേ നിനക്കുമെൻ മാതൃക്ക-
ളായ പൃഥക്കും പുലോമജക്കും
മാതൃഗമനമാം തിൽബിഷ ഗർത്തേ പ-
തിപ്പാതിരിപ്പതിനു നിന്നെ ത്യജിച്ചൊരു

( കാലം താഴ്ത്തി )

പുത്രനെ ഷണ്ഡനായ് തീർപ്പതിനു നീ ചെയ്ത
ശാപമിതു ന്യായമോ നാരായണാത്മജേ

( കാലം തള്ളി )

മൽക്കുല പതിയായ പുരൂരവസ്സിന്റെ
കാമിനി നീയെന്ന പരമാർത്ഥമറിയാഞ്ഞൊ-
രപരാധി ഞാൻ പിതൃശാപാഗ്നിയിൽ നിന്നു
മുക്തനായീടുവാൻ നിന്നോടുരച്ച നീ-
ചോക്തികളോരോന്നു കൂരമ്പുകളായ് ത-
റച്ചെന്റെജീവനൊടുക്കിടട്ടെ.

അമ്മക്കു നന്ദനൻ ചെയ്ത ദോഷങ്ങൾ സഹിപ്പാൻ കഴിയ്തെ വന്നീടുമോ

മറക്കാൻ കഴിയാതെ യായീടുമോ പൊറുക്കാൻ കഴിയാതെ വന്നീടുമോ?

( അപ്സരസ്സായതിനാൽ മാതൃത്വം നിഷേധിക്കപ്പെട്ട ഉർവശിയിൽ അന്നുവരെ അനുഭവിക്കാത്ത മാതൃത്വം എന്ന അനുഭൂതി അർജ്ജുനൻ നിമിത്തം ഉണ്ടായിത്തീരുന്നു. ഒരമ്മയുടെ ഹൃദയവിശുദ്ധിയോടെ ഉർവശി അർജ്ജുനനു മുന്നിൽ പ്രത്യക്ഷപ്പെടുന്നു. അർജ്ജുനൻ വന്ദിക്കുന്നു. അർജ്ജുനനെ സ്വന്തം പുത്രനായി അവൾ അംഗീകരിക്കുന്നു. )

ഉർവശി

രാഗം :ശഹാന ( വിരുത്തം പോലെ )

മതിമതി വിലാപമിതു നന്ദനാ നന്ദനീയാ
മോക്ഷം തരുന്നിതൊരു വർഷമതും കഴിഞ്ഞാൽ
ഷണ്ഡത്വമാർന്ന തനു പൂർവ്വമവസ്ഥയെക്കൈ-
ക്കൊണ്ടീടുമർക്കരുചി പോലെഴുമാഭയാലും

രാഗം : സാവേരീ

പൂരൂരവസ്സിനുടെ കാന്തിയെഴും വപുസ്സും
സംഗ്രാമപാടവമതും ത്വയി കാൺകയാലേ
ഉണ്ടായ ബാലിശമൊരാശയതിൻ നിമിത്തം
ഉണ്ടായതീദൃശമതൊക്കെയു മോർത്തിടുമ്പോൾ

രാഗം : മദ്ധ്യമാവതി
അജ്ഞാതവാസമതിലിത്തനു നിൻ പ്രഭാവം
മറ്റാരുമൊന്നറിവതിന്നൊരുപോതു മാർഗ്ഗം
ഉണ്ടാക്കിടാതെ ഗുണമാർന്നു ഭവിച്ചിടും തേ
ഇശ്ശാപമോക്ഷമതു നേടുക ചാരുശീലാ

( അർജ്ജുനൻ ഉർവശിയെ സാഷ്ടാംഗം നമസ്കരിക്കുന്നു. ഉർവശി അർജ്ജുനനെ പിടിച്ചെഴുന്നേൽപ്പിക്കുന്നു. ആലിംഗനം ചെയ്യുന്നു )

ഉർവശി

അപ്രസൂതയെന്നാകിലു മെൻപ്രിയ
പുത്രാ നിന്നുടെ യമ്മയായതിൽ
സപ്രമോദയിന്നറിവൂ മാതൃ മ-
നസ്സറിയുന്നൊരു സായൂജ്യം

താതനോ പുത്രനെന്നോ യാതൊരു
ബന്ധമില്ലാതെ ബാന്ധവങ്ങളാൽ
ശപ്ത യെനിക്കൊരു മോചനമരുളിയ
പുത്രാ തേ ബഹു സ്വസ്ഥി ഭവ

ഇല്ലിനിയൊന്നുമെനിക്കറിവാനിഹ
ഇല്ലിനിയെങ്ങുമെനിക്കുയരാൻ
മാതൃ മനസ്സു ചുരത്തുന്നമൃതം
ഞാൻ നുകരുന്നിനി യെന്നാമോ

(  അർജ്ജുനനെ ഉർവശി തന്റെ മടിയിൽ കിടത്തിയുറക്കുന്നു. തലോടുകയും ലാളിക്കുകയും ചെയ്ത് താരാട്ടു പാടിയുറക്കുന്നു.)
മടിയിൽമയങ്ങുകെൻ മകനേ നീ  ഇടയിലുണർന്നീടരുതേ നീ
മടിയിലുറങ്ങുകെൻ മകനേ നീ  ഇടയിലുണർന്നീടരുതേ നീ

(ഉറങ്ങിക്കിടക്കുന്ന അർജ്ജുനനെ താഴെയിറക്കിക്കിടത്തി, നാളെ താൻ വീണ്ടുമൊരു അപ്സരസാകേണ്ട നിയോഗമോർത്ത് ഉർവശി അർജ്ജുനനെ വേർപിരിഞ്ഞ് പോകുന്നു

ശുഭം

*************************************************************************************